323/est/18

"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ8/2210/2015/സിഇ/തസ്വഭവ

തീയതി: 30.11.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ഭരണ സൗകര്യാർത്ഥം ചുമതല ക്രമീകരണം - നിർദ്ദിഷ്ട നിയന്ത്രണാധികാരികൾക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

ഈ വകുപ്പിലെ വിവിധ കാര്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന വിവിധ തസ്തികകളിൽപ്പെട്ട ജീവനക്കാർക്ക് കെ.പി.എസ്.സി / പ്രൊമോഷൻ മുഖേനയും അല്ലാതെയും മറ്റ് വകുപ്പുകളിലേയ്ക്ക് / മറ്റ് കാര്യാലയങ്ങളിലേയ്ക്ക് നിയമനം ലഭിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ നിന്നും ടി ജീവനക്കാർക്ക് വിടുതൽ ഉത്തരവ് നൽകേണ്ടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വകുപ്പിന്റെ കാര്യാലയങ്ങളിൽ ഭരണപരമായ ബുദ്ധിമുട്ട് നേരിടുന്നതായി നിർദ്ദിഷ്ട അധികാരികൾ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി കാര്യാലയങ്ങളിൽ ഭരണ നിർവ്വഹണം തടസ്സം കൂടാതെ നടത്തുന്നതിന് ബന്ധപ്പെട്ട സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ്/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ നിയന്ത്രണത്തിൽപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് കാര്യാലയങ്ങളിൽ ആവശ്യമായ ചുമതല ക്രമീകരണങ്ങൾ നടത്തേണ്ടതും, ജീവനക്കാരെ വിടുതൽ ചെയ്തുകൊണ്ട് പുറപ്പെടുവിക്കുന്ന നടപടിക്രമത്തിൽ ടി ചുമതല ക്രമീകരണങ്ങൾ സംബന്ധിച്ച വിവരം കൂടി രേഖപ്പെടുത്തി ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതുമാണ്. അധിക ചുമതല ഏറ്റെടുക്കുന്ന ജീവനക്കാർ ടി ചുമതല കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

ഈ വകുപ്പിലെ എല്ലാ നിയന്ത്രണാധികാരികളുടെയും അറിവിലേയ്ക്കായി

ചീഫ് എഞ്ചിനീയർ

പകർപ്പ്: ഫയൽ / സ്റ്റോക്ക് ഫയൽ

എസ്.എ